# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4604

13.11.2019-ലെ മറുപടി

### പായിപ്പാട്ട് പഞ്ചായത്തിലെ മച്ചിപള്ളി പ്രദേശത്തെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പായിപ്പാട്ട് പഞ്ചായത്തിലെ മച്ചിപള്ളി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നിർമ്മാണ ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | പായിപ്പാട് പഞ്ചായത്തിലെ മച്ചിപ്പള്ളി പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2017-18 സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പായിപ്പാട് ബൂസ്റ്റർ പമ്പ് ഹൗസ് മുതൽ കൊച്ചുപള്ളി ഉന്നതതല ജലസംഭരണി വരെ 2880 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി 84.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് കരാർ ഉറപ്പിക്കുകയും ഇതിൽ 50% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തൃക്കൊടിത്താനം പഞ്ചായത്ത് പടി മുതൽ കൊക്കോട്ടുചിറ വരെ 880 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ആകെ ചെലവ് എത്രയാണ്; | (ബി) | I) പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ച തുക:- 84.60 ലക്ഷം രൂപ<br>II) പദ്ധതിയുടെ കരാർ തുക – 63.09 ലക്ഷം രൂപ<br>III) പി.ഡബ്ല്യൂ.ഡി. ക്ക് ഒടുക്കിയ തുക- 10.99 ലക്ഷം രൂപ |
| (സി) | ചങ്ങനാശ്ശേരി ടൗണിലുള്ള ചെറുകരകുന്നിലെ ടാങ്കിൽ നിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട്ട് പഞ്ചായത്തിലും പുതുതായി പൈപ്പുകൾ ഇട്ട് പായിപ്പാട്ട് കൊച്ചുപള്ളി ഓവർ ഹെഡ് ടാങ്കിൽ ജലം | (സി) | ചങ്ങനാശ്ശേരി ടൗണിലുള്ള ചെറുകരകുന്നിലെ ടാങ്കിൽ നിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട്ട് പഞ്ചായത്തിലും പുതുതായി പൈപ്പുകൾ ഇട്ട് പായിപ്പാട്ട് കൊച്ചുപള്ളി ഓവർ ഹെഡ് ടാങ്കിൽ ജലം എത്തിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയ്ക്ക് 189 ലക്ഷം |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | എത്തിക്കുന്നതിനുള്ള ജോലി സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും ആയതിന്റെ റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭിക്കുവാൻ താമസം വന്നിരുന്നു. എന്നാൽ ഇപ്പോൾ പി.ഡബ്ള്യൂ.ഡി. യിൽ നിന്ന് റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർന്ന് പത്തനംതിട്ട PWD റോഡ്സ് ഡിവിഷന്റെ ഭാഗമായി വരുന്ന ഫാത്തിമാപുരം മുതൽ മുക്കാട്ടുപടി വരെയും കോട്ടയം PWD റോഡ്സ് ഡിവിഷന്റെ ഭാഗമായി വരുന്ന മുക്കാട്ടുപടി മുതൽ തൃക്കൊടിത്താനം വരെയും ഉള്ള എസ്റ്റിമേറ്റുകൾ ഉൾപ്പെടുത്തി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എത്രയും വേഗം ഈ ജോലി നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ഡി) | പായിപ്പാട് പഞ്ചായത്തിലെ മച്ചിപ്പള്ളി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെയും PWD -യുടെയും റോഡ് കട്ടിംഗ് അനുമതിയ്ക്കായി പ്രസ്തുത പ്രവൃത്തിയുടെ 14.10.2019-ൽ PWD-യ്ക്ക് തുക ഒടുക്കിയെങ്കിലും ഇത് വരെയും റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് റോഡിന്റെ ഭാഗം കുഴിക്കുന്നതിന് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് അനുമതിയ്ക്കുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>ചങ്ങനാശ്ശേരി ടൗണിലെ ചെറുകരകുന്ന് ടാങ്കിൽ നിന്നും ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം പഞ്ചായത്തിലും പായിപ്പാട് പഞ്ചായത്തിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ? | (ഇ) | ഈ പദ്ധതി 2020 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത്. |

**സെക്ഷൻ ഓഫീസർ**